കുട്ടിപ്പട്ടങ്ങൾക്കൊപ്പം



# കുട്ടിപട്ടങ്ങൾക്കൊപ്പം

## ജി.എച്ച്.എസ്. ബീനാച്ചി

**IT Magazine 2018-19**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## അണിയറയിൽ..........

ചീഫ് എഡിറ്റർ : ബീന എം വി
സ്റ്റാഫ് എഡിറ്റർ : ദിലീപ് എം ഡി
സ്റ്റുഡന്റ്എഡിറ്റർ : അഷ്മിന സി ജി
കവർ പേജ് : സോജിറ്റ് ജോസ്
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് : സീമ എസ് ബാബു
ദിവ്യ എബ്രഹാം


## മാഗസിന് പേര് നിർദ്ദേശിച്ചത്



തൻമയ കൃഷ്ണ

# ഉൾപ്പേജുകളിലൂടെ

ഇന്റർനെറ്റ് യുഗത്തിൽ
നാം നേരിടുന്ന ചില വെല്ലുവിളികൾ
പരിചയപ്പെടാം






ഇന്ത്യൻ ബഹിരാകാശം –
സാധ്യതകളും പരിമിതികളും

മികവിന്റെ പര്യായം ബീനാച്ചി

ഗവ. ഹൈസ്കൂൾ ബീനാച്ചി
SINCE : 1952



ബുദ്ധമയൂരി



Amazon



The History Of Chess




# മുഖമൊഴി

*Little kites വിദ്യാർത്ഥിത്ഥികളുടെ ഐടി കൂട്ടായ്മ ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ് , ടെക്നോളജിയുടെ അനന്തമായ സാധ്യതകളിൽ പകച്ചുപോയ വിദ്യാർത്ഥി സമൂഹത്തിന് അതിന്റെ നല്ല വശങ്ങൾ പരിചയപ്പെടുത്താനും ദൂഷ്യവങ്ങളെക്കുറിച്ച് ബോധവന്മാരാക്കാനും ഈ കൂട്ടായ്മ ഒരു തുടക്കമാകട്ടെ .*

*ടെക്ക്നോളജിയുടെ അനന്തമായ സാധ്യതകൾ സമൂഹ നന്മക്കായി* ഉപയോഗിച്ചുകൊണ്ട് വിദ്യാർത്ഥി സമൂഹത്തിന് മാതൃകയായി കുട്ടിപട്ടങ്ങളുടെ ഖ്യാതി വാനോളം ഉയരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് കുട്ടി പട്ടങ്ങ® തയ്യാറാക്കിയ ഈ - മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

എം. വി. ബീന

ഹെഡ്മിസ്ട്രസ്





**ഈ സങ്കേതത്തിൽ ഒത്തു ചേരാൻ കുരുന്നുകളുടെ കലാ സൃഷ്ടികൾ ഉൾപ്പെട്ട ഒരു കൊച്ചു സംഭാവനയാണ് "കുട്ടിപട്ടങ്ങൾക്കൊപ്പം "എന്ന ഞങ്ങളുടെ സ്വന്തം ഈ-മാഗസിൻ.**

**ഞങ്ങളുടെ കൊച്ചു പട്ടത്തിൽ കയറി യാത്ര ചെയ്യാൻ എല്ലാവരെയും ഞങ്ങൾ സസ്നേഹം സ്വാഗതം ചെയ്യുന്നു. ആദ്യകാലങ്ങളിൽ കമ്പ്യൂട്ടർ എഞ്ചിനീയർമാരും പ്രോഗ്രാമർമാരും മാത്രം ഉപയോഗിച്ചിരുന്ന ഒരു ഉപകരണമായിരുന്നു കംമ്പ്യൂട്ടർ. ടൈപ്പ് ചെയ്തു നൽകുന്ന നിർദേശങ്ങളനുസരിച്ചായിരുന്നു അതിന്റെ പ്രവർത്തനം. കമ്പ്യൂട്ടറിന്റെ ഉപയോഗമാകട്ടെ വളരെ പരിമിതമായ സാഹിചര്യങ്ങളിലെ ഉണ്ടായിരുന്നുള്ളൂ. പക്ഷെ, പെഴ്സണൽ കമ്പ്യൂട്ടറിന്റെ വരവോടു കൂടി കമ്പ്യൂട്ടർ വളരെ പെട്ടന്നു ജനകീയമായി. ഇന്റർനെറ്റിന്റെ കടന്നു വരവോടു കൂടി കമ്പ്യൂട്ടറിന്റെ ഉപയോഗം വീണ്ടും വർദ്ധിക്കുകയും പ്രാദേശിക ഭാഷകളിൽ കമ്പ്യൂട്ടിങ് സാദ്യമാക്കാനുള്ള ശ്രമങ്ങൾ ലോകവ്യാപകമായി മാറി.**

**ഇന്ന് ലോകത്തിലെ ഏതാണ്ടെല്ലാ ഭാഷകളിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കും. കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിക്കാനും അതു പങ്കുവെയ്ക്കാനും ഉതകുന്ന തരത്തിൽ ലോകത്തിലെ മിക്ക പ്രാദേശിക ഭാഷകളും സജ്ജമാക്കുന്നത് ആധുനിക ഭാഷാ കമ്പ്യൂട്ടിങ് സങ്കേതങ്ങൾ വികാസം പ്രാപിച്ചതോടുകൂടിയാണ്.**

**ഈ – മാഗസിൻ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനായി സൃഷ്ടികൾ നൽകിയ വിദ്യാർത്ഥികൾ, അദ്ധ്യാപകർ,എന്നിവർക്ക് നന്ദി. ഇതിനായി എല്ലാ സഹായവും പ്രോത്സാഹനവും നൽകിയ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് എം.വി ബീന ടീച്ചർക്കും ചീഫ് എഡിറ്റർ ദിലീപ് സാറിനും ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാരായ സീമ ടീച്ചർ, ദിവ്യ ടീച്ചർ എന്നിവർക്കും ഇതോടൊപ്പം നന്ദി രേഖപ്പെടുത്തുന്നു.**

**കഥ, കവിത, ചിത്രങ്ങൾ, സ്കൂൾ ചരിത്രം , ശാസ്ത്ര കുറിപ്പുകൾ, ലേഖനങ്ങൾ എന്നിവ കോർത്തിണക്കി ഞങ്ങൾ നിർമിച്ച ഈ പട്ടത്തെ എല്ലാവരും സസന്തോഷം സ്വീകരിക്കണമെന്ന് ആഗ്രഹിച്ചു കൊണ്ട് ഇത് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.**

**അഷ്മിന സി.ജി**
**(സ്റ്റുഡന്റ് എഡിറ്റർ)**

# മികവിന്റെ പര്യായം ബീനാച്ചി ജി. എച്ച എസ്




വയനാട്ജില്ലയിൽ സുൽത്താൻബത്തേരി നഗരത്തിൽ കോഴിക്കോട് കൊല്ലഗൽ ദേശിയപാതയോരത്ത് ബീനാച്ചി പ്രദേശത്തെ പ്രാതീക്ഷാലയമായി നിലകൊള്ളുന്ന ജി.എച്ച് എസ് ബീനാച്ചി. വിമുക്ത ഭടന്മാരുടെ മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1982 ൽ ലോവർപ്രൈമറി സ്കൂളായി പ്രവർത്തനം ആരംഭിച്ച് 1985 ൽ അപ്പർ പ്രൈമറി സ്കൂളായും തുടർന്ന് 2013 ൽ ഹൈസ്കൂളായും ഉയർന്നു.

അറുപത്തഞ്ച് വർഷങ്ങൾ പിന്നിടുന്ന ഈ സരസ്വതീ ക്ഷേത്രം വളരെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് മികച്ച അക്കാദമിക നിലവാരം പുലർത്തി ജില്ലക്കഭിമാനമായി വിദ്യാലയ കർമ്മമേഖലയിൽ മുൻ നിരയിൽ എത്തി നിൽക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരായവരുടെ മക്കൾ പഠിക്കാനെത്തുന്ന പാഠാലയത്തിൽ നാൽപതുശതമാനം ഗോത്രവിഭാഗത്തിൽ നിന്നുള്ളവരാണ്. 2016 ലെ പ്രഥമ എസ്.എസ്.എൽ.സി ബാച്ച് നൂറുശതമാനം വിജയം നേടിയപ്പോൾ 2017 ൽ ഒരു വിദ്യാർത്ഥിയൊഴികെ പരീക്ഷ എഴുതിയവരെല്ലാം ഉപരിപഠനത്തിന് യോഗ്യത നേടി 2018 ൽ വീണ്ടും നൂറുശതമാനം ആവർത്തിച്ചു.

കലാ കായിക മികവുപുലർത്തുന്ന സ്കൂൾ ശാസ്ത്രമേളയിൽ ദേശിയതലം വരെ പങ്കെടുത്തു ചരിത്രം സൃഷ്ടിച്ചു. പ്രീ- പ്രൈമറി മുതൽ പത്താം തരം വരെയുള്ള വിദ്യാർത്ഥികളും  മുപ്പത്തിരണ്ട് അധ്യാപകരും ഏഴ് അനധ്യാപ സുഹൃത്തുക്കളും ശക്തമായ പി.ടി.എ, എം.പി,ടി.എ, എസ്.എം.ഡി.സി സംവിധാനങ്ങളും വിദ്യാലയത്തിൻെറ മുതൽക്കൂട്ടാണ്.

# ഇന്ത്യൻ ബഹിരാകാശ ഗവേഷണ സാധ്യതകളും വെല്ലുവിളികളും....

team littile kites




*ഭൂമിയുടെ അന്തരീക്ഷത്തിനപ്പുറമുള്ള വിശാലമായ ശൂന്യപ്രദേശമാണ് ബഹിരാകാശം. സമുദ്രോപരിതലത്തിൽ നിന്നും 100km ഉയരത്തിനപ്പുറമുള്ള ശൂന്യ പ്രദേശമാണ് ബഹിരാകാശമായികണക്കാക്കുന്നത്. ഭൗമോപരിതലത്തിനും ബഹിരാകാശത്തിമിടയിലുള്ള ഒരു അതിര് കാർമൻ ലൈൻ എന്നറിയപ്പെടുന്നു.*

*ബഹിരാകാശത്ത് വായു ഇല്ലാത്തതിനാൽ ഭൂമിയിൽ നിന്നും നാം വായു ബഹിരാകാശത്തേക്ക് കൊണ്ടുപോകുന്നു. കാഠിന്യമേറിയ ശൈത്യം 270 ഡിഗ്രി സെൽഷ്യസ് അടുത്തു വരും. സൂര്യപ്രകാശം തട്ടുന്ന സ്ഥലത്ത് ചൂട് കൂടുതലായിരിക്കും. മറുഭാഗത്ത് കഠിനമായി തണുപ്പും അനുഭവപ്പെടും.*

*ബഹിരാകാശ ഗവേഷണത്തിൽ ഇന്ത്യയുടെ പങ്ക് ചെറുതൊന്നുമല്ല. ബഹിരാകാശ ഗവേഷണത്തിനിടയിൽ നമ്മുടെ ഇന്ത്യൻ വംശജയായ കൽപ്പനാ ചൗള കൊല്ലപ്പെടുകയുണ്ടായി. ഇന്ത്യൻ ബഹിരാകാശ യാത്രയിൽ പ്രമുഖ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു. കൽപ്പനാ ചൗളയും. ഇതോടൊപ്പം തന്നെ ബഹിരാകാശ ഗവേഷണത്തിൽ ഇന്ത്യയ്ക്ക് വളരെയധികം നേട്ടത്തിനു പിന്നിൽ വളരെയധികം വെല്ലുവിളികൾ ഇന്ത്യൻ ബഹിരാകാശത്തിനു പിന്നിലുള്ള ഓരോ ഗവേഷണശാലകളും പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നു.*

*ISRO പ്രഥമ ചെയർമാൻ വിക്രം സാരാഭായ് രണ്ടാമത്തെ ചെയർമാൻ പ്രൊഫസർ സതിഷ് ധവാൻ. ISRO ചെയർമാനായ പ്രഥമ കേരളീയൻ കസ്തൂരി രംഗൻ.അനസ്സാറ്റ് ആണ്. ISRO യുടെ മേൽനോട്ടത്തിൽ ഒരു സർവ്വകലാശാല നിർമ്മിച്ച ആദ്യത്തെ ഉപഗ്രഹം 1992 -ൽ സ്ഥാപിതമായ ആൾടിക്സ് കോർപ്പറേഷൻ ആണ്. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ കീഴിലുള്ള വാണിജ്യസ്ഥാപനം ഉപഗ്രഹങ്ങളുടെ വാണിജ്യ വിക്ഷേപണം നടത്തുന്ന അഞ്ചാമത്തെ രാജ്യമാണ് ഇന്ത്യ.*

*SRG- 1 ആണ് ഭ്രമണ പഥത്തിൽ നിന്ന് വീണ്ടെടുക്കാൻ കഴിയുന്ന ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹം 2007.ജനവരി 10- ന് നാല് കൃത്യമോപകരണങ്ങളെ ഒരുമിച്ച് ഭ്രമണ പഥത്തിലെത്തിച്ച വിക്ഷേപണ വാഹനമാണ്PSLV-7 2008 ഏപ്രിൽ 28- ന് പത്ത് ഉപഗ്രഹങ്ങളെ ഒന്നിച്ച് വിക്ഷേപിച്ച വാഹനമാണ്PSLV- 9*

*22-10-2008-ൽ PSLVC-4 റോക്കറ്റ് ഉപയോഗിച്ചാണ് ചന്ദ്രയാൻ വിക്ഷേപിച്ചത് ശ്രീഹരിക്കോട്ടയിൽ നിന്നാണ് ഇത് വിക്ഷേപിച്ചത് മൂൺ ഇംപാക്ട് പ്രോബ്ചന്ദ്രനിൽഇടിച്ചിറങ്ങിയ സ്ഥലം.ഷാക്കിൽടൺ ഗർത്ത ചന്ദ്രയാൻ 10- ൽ ന്റെ പ്രോജക്റ്റ് ഡയറക്ടർ . എം. അണ്ണാദുരെ ചന്ദ്രയാൻ വിക്ഷേപണ സമയത്തെ ISRO ചെർമാൻ ഡോ.ജി. മാധവൻ നായർ.*

*2005- മെയ്5 ന് വിക്ഷേപിച്ച ഉപഗ്രഹമാണ് ഹാം സാറ്റ് ഭൂപട നിർമ്മിതിയുടെ സഹായത്തിനായി 2005 മെയ് 5 ന്*

*വിക്ഷേപിക്കപ്പെട്ട IRSP-5 ഉപഗ്രഹം കാൾട്ടോസാറ്റ് എന്നറിയപ്പെടുന്നു. ടെലിവിഷൻ ഡയറക്ടറുടെ ഹോം സംരക്ഷണം മികവുറ്റതാക്കാനായി 2005 ഡിസംബർ 25-ന് ഇന്ത്യ വിക്ഷേപിച്ച ഉപഗ്രഹമാണ് ഇൻസാറ്റ്4-എ 2015 സെപ്തംബർ-28 ന് ആണ് ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ ടെലസ്കോപ്പായ ആസ്ട്രോസ്റ്റ് വിക്ഷേപിച്ചത്*



*ഇന്ത്യയിലെ പ്രധാന ബഹിരാകാശ കേന്ദ്രങ്ങളാണ് സെമീകണ്ടക്ടർ ലബോറട്ടറി. ചത്തീസ്ഗഢ് സോളാർ ഒബ്സർവേറ്ററി- ഉദയ്പൂർ, RRSSC -ജോധ്പൂർ.സ്പയ്സ് ആപ്ലിക്കേഷൻ സെന്ററർ- അഹമ്മദാബാദ്, ഇൻഫ്രോറെഡ് ഒബ്സർവേറ്ററി മൗണ്ട് അബു, ISRO ലെയ്സർ ഓഫീസ് മുംബൈ, ISRO ഉപഗ്രഹകേന്ദ്രം ബാംഗ്ലൂർ Indian space science data centre ബയ്ലാലു,മാസ്റ്റർ കൺട്രോൾ ഫെസിലിറ്റി- ഹാസൻ,അമോണിയം പെർ ക്ലോറേറ്റ് എക്സ്പെരിമെന്റ്-ആലുവ, വിക്രം സാരാഭായ് സ്പെയ്സ് സെന്റർ -തിരുവനന്തപുരം, ലിക്വഡ് പ്രോപ്പൽഷൻ സൗകര്യങ്ങൾ- മഹേന്ദ്രഗിരി, നാഷണൽ അറ്റ്മോസ്ഫറിക്ക് റിസർച്ച് ലബോററ്ററി-തിരുപ്പതി, SHAR സെന്റർ- ശ്രീഹരിക്കോട്ട, RRSSC സെന്റർ-നാഗ്പൂർ, ഈസ്റ്റേൺ RRSC – കൊൽക്കത്ത, ISTRAC സെന്റർ- ലക്നൗ,ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് റിമോട്ട് സെൻസ്സിങ്-ഡെറാഡൂൺ, DOS ബ്രാഞ്ച് സെക്രട്ടേറിയറ്റ്-ന്യൂഡൽഹി.*

## *ബഹിരാകാശത്ത് ISRO നേരിടുന്ന പ്രശ്നങ്ങൾ.*

*ഓർബിറ്റൽ അവശിഷ്ടങ്ങൾ- നിഷ്ക്രിയമായ സ്‌പേസ്ക്രാഫ്റ്റ് റോക്കറ്റ് അവശിഷ്ടങ്ങൾ ഭ്രമണ പഥത്തിൽ ഉണ്ടാകുക.*
*സൗരോർജ്ജ പ്രവർത്തനം- സൗരോർജ്ജം ഉപയോഗിച്ച് ചാർജ്ജ് ചെയ്യാനുള്ളപ്രഭാവംകാരണംസ്‌പേസ്ക്രാഫ്റ്റുകൾവലിയഭീഷണിയാണ്.*


*ഫ്രീക്വൻസി അലോക്കേഷൻ- മിക്കവാറും എല്ലാ റേഡിയോ ഫ്രിക്വൻസികളും ചൂഷണം ചെയ്യപ്പെടുന്നു. സാറ്റലൈറ്റ് ആശയവിനിമയത്തിനുള്ള ശരിയായ ആ വ്യക്തിയും മറ്റു സ്‌പേസ് ഏജൻസിയും സ്‌പേസ്ക്രാഫ്റ്റുകളിൽ ഇടപെടൽ കുറയ്ക്കുന്നു.*

*ബഹിരാകാശ ജീവിതം- ബഹിരാകാശ നിലയത്തിലെ താമസക്കാരൻ ദിവസം 12 മണിക്കൂർ ജോലിചെയ്യേണ്ടിവരും. ഒരു ദിവസം ചുരുങ്ങിയത് 2 മണിക്കൂർ എങ്കിലും വ്യായാമം ചെയ്യണം. ബഹിരാകാശ നിലയത്തിലെ വായു റീസൈക്കിൾ ചെയ്തു ജലം ശേഖരിക്കും.*

*തിരഞ്ഞെടുപ്പും പരിശ്ശീലനവും ശാരീരികവും മാനസ്സീകവുമായ വെല്ലുവിളികൾ നേരിടാൻ പറ്റുന്ന വ്യക്തികളെയാണ് ബഹിരാകാശ യാത്രകൾക്കുള്ള പരിശ്ശീലനത്തിനായി തിരഞ്ഞെടുക്കുന്നത്. വയസ്സ് 27- നും 37 മദ്ധ്യേ നല്ല പരിശ്ശീലനവും നൽകണം.*

*പാരാബോളിഫ്ളൈറ്റ്സ്- ബഹിരാകാശ യാത്രക്ക് തയ്യാറെടുക്കുന്നവർക്ക് ഭാര രഹിത അവസ്ഥയിൽ ജീവിക്കാനാവിശ്യമായ പരിശ്ശീലനം നൽകുന്ന രീതിയാണ്*

*പാരാബോളിക്ക് പറക്കൽ.*




## ഓർമ്മയിലെ ഓണം



**ഓണം എനിക്കെന്ത് തന്നു**
**ഓർമ്മയുടെ നെറുകയിൽ തെളിനീരു തന്നു**
**ഓമനിക്കാനൊരു പൊൻതുവൽ തന്നു**

**ഓണനാളോർമ്മകളുടെ ചിപ്പി തുറന്നു**
**ഓമൽക്കിനാക്കളും ചേർന്നു നിന്നു**
**ഓണനിലാവിൽ കളിയൊരുങ്ങി**
**ഓർമ്മ തൻ മാധുര്യമുണ്ടുറങ്ങി**
**ഓണത്തിമിർപ്പിന്റെ തിരയൊഴുക്കിൽ എന്റെ**
**ചിരകാലസ്വപ്നങ്ങൾ ചേർന്നുറങ്ങി**
**മൽപ്രാണനേൽക്കാത്ത നൊമ്പരപ്പൂക്കളിൽ**
**ഓണമഴവില്ലും തെളിഞ്ഞുനിന്നു**
**എന്റെ മനസ്സിന്റെ കോണിൽ നിറഞ്ഞുനിന്നു**

**RAJITHA A**
**HST MALAYALAM**

# Mother



*Mother is the back bone of my life*

*She is the heart beat of my life*

*Mother is the brain of my life*

*She is the memory of my life*

*Mother is the blood of my life*

*She is the life's spill of my life*

*You love your mother*

*Because she is the only person*

*How still stand in our life*

**Mashooka Mumthaz**

**9 B**

***( Little kits member )***

# മിറ്റിയുടെ മടി മാറി.



**(ചെറുകഥ)**

ഒരിടത്ത് മിറ്റിയെന്ന പേരുള്ള കുട്ടിയുണ്ടായിരുന്നു. നല്ല മിടുക്കിയായിരുന്നു.പക്ഷേ അവൾക്ക് പച്ചക്കറി കഴിക്കാൻ മടിയായിരുന്നു. എപ്പോഴും മാംസാഹാരങ്ങൾ മാത്രമായിരുന്നു അവൾക്കു താൽപര്യം. ഒരിക്കൽ മിറ്റി ഒരു സ്വപ്നംകണ്ടു.നീ എന്നെ കഴിച്ചാൽ നീ എന്നെപ്പോലെ ചുവന്നുതുടുക്കും എന്നും ഞങ്ങളെ കഴിച്ചാൽ നല്ല ആരോഗ്യം ലഭിക്കും മറ്റുപച്ചക്കറികളും പറഞ്ഞു. അവരുടെ കൂടെ ആട്ടവാടിയതിനു ശേഷം കുട്ടികൾക്ക് പച്ചക്കറി ആരോഗ്യത്തിന് നല്ലതാണെന്ന് അവൾക്കു മനസിലായി. അന്ന്തൊട്ട് മിറ്റി എന്നും പച്ചക്കറി കഴിക്കും.

**വരച്ചത്**

**അഷ്മിയകെ.പി**

4C



# Cloud

*Devananda And Nesla*

*Dark elephant*
*On a blus hill*
*When the wind stops*
*You all stand still*
*You walk away slow*
*Dark elephants*
*Where do you go ?*
*Red balloons, Red balloons*
*On a blue hill*
*When the wind stops*
*You all stand still*
*When the wind blow*
*You walk away slow*
*Red balloons , Red balloons*
*Where do you go ?*

# സുഹൃത്താണ് നീ...



***കരിക്കനുള്ളിൽ മധുരമാം തേനായിരുന്നു നീ***
***തേനിൽ നിന്ന് ഊറിവരും മധുരക്കനിയാണ് നീ***
***കരിക്കിനുള്ളിലെ വെള്ളക്കൽ കടലാണ് നീ***
***ആ കടലിൽ നീന്തിതുഴയാൻ വന്നിരുന്നു ഞാൻ***
***എന്നോടൊന്നും ഉരിയാടാതെ നീതനിച്ചു പോയില്ലേ***
***നമ്മളൊന്നല്ലേ . നീ എന്റെ ആത്മാവിലുണ്ടല്ലോ***
***നീയും നിൻ ഓർമ്മകളും എൻ ആത്മാവിലെഴുതി***
***സുഹൃത്താണ് നീ - സുഹൃത്താണ് നീ***

*ഫഹദ 9 . B Little kits member*





# എണ്ണത്തിലല്ല കാര്യം.



പണ്ട് പണ്ട് ഒരു കാട്ടിൽ കണക്കെടുപ്പ് നടകത്തുകയായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടകൾ എന്നറിയുകയായിരുന്നു ലക്ഷ്യം. ഓരോരുതർക്കും ഉള്ള കുട്ടികളുടെ എണ്ണം കണക്കെടുപ്പുകാർ ശേഖരിച്ചു. പലർക്കും വലിയ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പത്തും പതിനഞ്ചും ഇരുപതും കുട്ടികൾ സാധാരണമായിരുന്നു. ചിലർക്കൊക്കെ ഒരു പ്രസവത്തിൽ തന്നെ നിരവധി കുട്ടികൾ ഉണ്ടായിരുന്നു. അവസാനം കണക്കെടുപ്പുസംഘം ഒരു സിംഹത്തിന്റെ അടുത്തെത്തി. തിരുമേനി അവിടുത്തേക്ക് എത്ര മക്കളുണ്ട്? ഒന്ന് സിംഹം മറുപടി പറഞ്ഞു. എന്ത് ഒരെണ്ണം മാത്രമോ ? വിശ്വസിക്കാൻ വയ്യ . അതേ സിംഹം ഗൗരവത്തിൽ മറുപടി നൽക്കി. പക്ഷേ അതൊരു സിംഹമാണ്. കണക്കെടുപ്പുകാർ ഒന്നും മിണ്ടിയില്ല .....

*Thanmaya krishna*

# ബൺ



നീയും ഞാനും ഒന്ന്
നമ്മൾ ജനിച്ച മണ്
ചായക്കടയിൽ നിന്ന്
അന്ന് തിന്നൊരു ബൺ

അന്ന് നമ്മൾ അവിടെ ചെന്ന്
ചായക്കടയിൽ നിന്ന്
പത്ത് രൂപ തന്ന്
ബൺ വാങ്ങി തിന്ന്

ബസ്സ് വന്ന് നിന്ന്
അതിൽ കയറി നിന്ന്
നാട്ടിലേക്ക് വന്ന്
തിന്നു നമ്മൾ ബൺ

നിധിൻ ബാബു
9.B
*( Little kits member )*

## വിനോദ സഞ്ചാരം നല്ലതോ ???



## വിനോദ സഞ്ചാരത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും.

### വിനോദ സഞ്ചാരത്തിന്റെ നേട്ടങ്ങൾ.

*** ദേശീയ വരുമാനം വർധിക്കുന്നു.**

*** ഗ്രാമീണ കലകളെ പ്രോൽസാഹിപ്പിക്കുന്നു.**

*** ആനന്ദവും മാനസിക ഉല്ലാസവും ലഭിക്കുന്നു.**

*** ഒരുപാട് പേർക്ക് ഉപജീവനമാർഗ്ഗം ലഭിക്കുന്നു.**

*** വിദേശ സഞ്ചാരികളുടെ സംസ്കാരത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയുന്നു.**

### വിനോദ സഞ്ചാരത്തിന്റെ കോട്ടങ്ങൾ.

*** പ്രകൃതി ഭംഗിയെ നശിപ്പിക്കുന്നു.**

* പ്ലാസ്റ്റിക്കിന്റെ അളവ് വർധിക്കുന്നു.

* വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വൻതോതിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നു.

* വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അനധികൃതമായ മണ്ണെടുപ്പ് കാരണം വൻതോതിൽ മണ്ണിടിയുന്നു.

* വിനോദ സഞ്ചാരികൾ വലിച്ചെറിയുന്ന ഭക്ഷണാവിശ്ഷടങ്ങൾ കഴിക്കാൻ വേണ്ടി വന്യജീവികൾ നിരത്തിലിറങ്ങുന്നു.

വന്യജീവികൾ നിരത്തിലിറങ്ങുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും വെല്ലുവിളികളും.



വന്യമൃഗങ്ങൾ നിരത്തിലിറങ്ങുന്ന സാഹചര്യം എന്ത് ???

* കാട്ടുതീ കാരണം.

*** വരൾച്ച.**

***വിനോദ സഞ്ചാരികൾ വലിച്ചെറിയുന്ന ഭക്ഷണ സാദനങ്ങൾ കഴിക്കാൻ**

**ഇറങ്ങുന്നു.**

*** വനനശ്ശീകരണം.**

*** കാർഷീക വിളകൾ കഴിക്കാൻ.**

വന്യമൃഗങ്ങൾ നിരത്തിലിറങ്ങുമ്പൊൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്ത് ?

*** കാർഷിക വിളകൾ നശിപ്പിക്കുന്നു.**

*** മനുഷ്യന് ജീവന് ഭീഷണി.**

*** നരഭോജികളായ വന്യമൃഗങ്ങൾ വീട്ടുമൃഗങ്ങളെ ആക്രമിക്കുന്നു.**

ഹരിത മനോഹരമാണീ ചുരകാഴ്ച...



**Sreethu parvathy**
**9 . B**
**( Little kits member )**



# My mother

My mother is my good friend
She gives me good life
She teaches me good behaviour
I love my mother very much
She cares me when Iam not well
She is an angel in my heart
I give my heart to my mother
I thank god, you
Give me a good mother
My mother is my best friend
She supports my life
I love my mother, more than my life
I''ll give my heart to my beloved mom

lamiya mishara 8 A



## മാസ്മര സൗന്ദര്യം

*മിഴിവുറ്റ ഈ സൂര്യരശ്മി*
*ഭൂമിയിൽ പതിക്കുമ്പോൾ*
*എൻ മനസ്സിലേക്ക് പെയ്തിറങ്ങും*
*പ്രകൃതി തൻ സൗന്ദര്യം*
*വരികളാലും വാക്കുകളാലുമധികം*
*വർണ്ണിക്കും പ്രകൃതി തൻ മനോഹാരിത*
*സൂര്യകിരണങ്ങളാൽ*
*ചുംബിക്കപെട്ട പുഷ്പംപ്പോലെ*
*പ്രകൃതിതൻ സൗഭാഗ്യം*
*ജ്വലിക്കുന്ന സൂര്യന്റെ അരികിൽ*




*मैं मेरे मन को स्थिर रहना चहती हूँ*
*पर मेरे मन मुझसे अलग जाती है।*
*शायद मेरे मन को कौशाल होगा*
*जैसे मेरे  मन की विह्वलता भी होगा ।*


*जन्म लेते समय मेरे सिर पर एक रेखा    खींचाथा*
*यह रेखा सदा सीधा चलता हे , पर मेरी रेखा*
*उसके बीच बीच में रुकावट आती हे सदा ,*
*सबकी राय  में यह मेरी , नसीब होगी ।*       सीमा . एस . बाबु




**വരച്ചത്**

**വൈഗ സി**

**4B**




**വരച്ചത്**

**അഷ്മിയ കെ.പി**

**4C**






# The History Of Chess


*Chess game started from back almost 1500 years. The game originated in northern India in the 6th century AD and spread to Persia. When the Arabs conquered Persia, chess was taken up by the Muslim world and subsequently through the Moorish conquest of Spain, spread to Southern Europe.*

*In Europe, the moves of the pieces changed in the 15th century. The modern game starts with these changes. In the second half of the 19th century, modern tournament play began. Chess clocks were first used in 1883 and the first world chess championship was held in 1886. The 20th century saw advances in the chess theory  and the establishment of the world chess Federation [F I D E]. Chess engines [programs that play chess], and chess data bases became important.*

Arjun Biju
VIII.B




AKUIRAJ 4·B


Duck
IV-C

# പട്ടം

കവിത

എന്തു നല്ല പട്ടം
എന്തു ഭംഗി കാണാൻ
നല്ല കുട്ടി പട്ടം
പല നിറത്തിൽ കാണാം
വാനം നോക്കി പാറും
ചരടിൻ കൂടെ പായും
കൂടെ നോക്കി ഓടാം
കൂടെ പാറി പായാം
എന്റെ നല്ല പട്ടം
എന്റെ കുട്ടി പട്ടം.



തന്മയ കൃഷ്ണ

3 : എ



# കേരളം ജില്ലകൾ പാട്ടിലൂടെ

***തിരുവനന്തപുര***_മാണ് സ്വന്തമായ നാട്_

*സ്വന്തമായ നാട്ടിൽ നിന്നും വണ്ടി കേറി ഞങ്ങൾ കശുവണ്ടിക്ക് പേരു കേട്ട*

***കൊല്ല***_ത്തങ്ങെത്തി ശുദ്ധജലക്കായൽ കണ്ടു നീണ്ട കര കണ്ടു ആദ്യത്തെ_


*പോളിയോ വിമുക്ത ജില്ല* **പത്തനംതിട്ട** *ആറൻമുള കണ്ണാടിയും ശബരിമലയും*

*ഇവിടെ*_**ആലപ്പുഴ**_ *ചെറിയ ജില്ല വയലാറിന്റെ നാട് വള്ളം കളിയുടെ*

*നാടാണിത് നെഹ്റു ട്രോഫി കാണാം അവിടെ നിന്നും പിന്നെ ഞങ്ങൾ*

*കോട്ടയത്തു പോയി  അക്ഷരനഗരിയാം* ***കോട്ടയത്തിന്***


*കടൽത്തീരമില്ല.റബ്ബറിന് ഒന്നാം സ്ഥാനം കോട്ടയത്തിന് തന്നെ സമ്പൂർണ*
*സാക്ഷരത നേടിയ ജില്ലയുമിതുതന്നെ കേരളത്തിലെ സുഗന്ധ വ്യഞ്ജന കലവറ*
***ഇടുക്കി** വെള്ളുള്ളിയുണ്ടാക്കും ഏക ജില്ല ഇടുക്കിയെന്നതോർക്കു മൂലമറ്റം*
*ജലവൈദ്യുതി തേക്കടി മൂന്നാറിം*
*സുവർണ ത്രികോണമെന്നറിയും വിനോദ കേന്ദ്രമാണേ*
***എറണാകുള**ത്ത് പോയി ഞങ്ങൾ ഹൈക്കോടതി കണ്ടു*
*പൂരത്തിന്റെ നാടായ **തൃശ്ശൂരി**ൽ ചെന്നിറങ്ങി*
*കൂടൽ മാണിക്യക്ഷേത്രവും പിന്നെ ആതിരപ്പള്ളിയും കണ്ടു*
*ഇന്ത്യയിലെ ആദ്യ മസ്ജിദ്*
*ചേരമാൻ പെരുമാൾ പള്ളിയും*
*ചെറുതുരിത്തി കേരള കലാമണ്ഡലവും കണ്ടു*
*സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ നിന്നും*
*ഞങ്ങൾ ഏറ്റവും വലിയ ജില്ലയായ*
***പാലക്കാട്ട**ത്തെത്തി*
*ഓറഞ്ചു തോട്ടവും കഞ്ചിക്കോടും മലമ്പുഴ ഡാമും*
*കാനായി കുഞ്ഞിരാമൻ നിർമ്മിച്ച യക്ഷി ശിൽപ്പവും*
*പാവങ്ങളുടെ ഊട്ടിയായ നെല്ലിയാമ്പതി കുന്നും*
*കേരളത്തിന്ണെ നെല്ലറയായ പാലക്കാട്ടാണേ*
*മാമാങ്കത്തിന് പേരു കേട്ട*
***മലപ്പുറത്തു**ചെന്നൂ*
*ലോകത്തിലെ പഴക്കമേറിയ*
*തേക്കിൻ തോട്ടം കണ്ടു*



*മലയാള ഭാഷാപിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ*
*ജന്മനാട് തുഞ്ചൻ പറമ്പ് മലപ്പുറത്താണേ*
*ഏറ്റവും വലിയ ഭാരതപ്പുഴ മലപ്പുറത്തിന് സ്വന്തം*
*വാഗൺ ട്രാജഡി സ്മാരകവും മലപ്പുറത്തു തന്നെ*
***കോഴിക്കോട്** ചെന്നു ഞങ്ങൾ സുൽത്താന്റെ*
*നാത്തിൽ*
*കാപ്പാട് കണ്ടു ബേപ്പൂര് കണ്ടു ചുരം പതുക്കെ കയറി*

***വയനാട്ടി**ലെത്തി ഞങ്ങൾ ചങ്ങലമരം കണ്ടു*
*അവിടെ നിന്നും കണ്ണൂരെത്തി സെൻട്രൽ ജയിൽ കണ്ടു*
*ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ലയെന്നറിഞ്ഞു*
*തെയ്യം തിറ സര്ഡക്കസിന്റെ നാട്ടമതാണെന്ന്*
***കണ്ണൂരി**ലെ തലശ്ശേരി കോക്ക് ക്രിക്കറ്റ് പ്രസിദ്ധം*
*ബേക്കൽ കോട്ട ചന്ദ്രഗിരി റാണിപുരവും കണ്ടു.*
*യക്ഷഗാനം ചാണക്യാർകൂത്തും കണ്ടുകണ്ടങ്ങിരുന്ന*
*തൃപ്തരായി മടങ്ങി ഞങ്ങൾ കേരളത്തിനു.*

ബിഷ അധ്യാപിക



## സുഹൃത്താണ് നീ........



*കരിക്കുനുള്ളിൽ മധുരമാം തേനായിരുന്നു നീ*
*തേനിൽ നിന്ന് ഊറിവരും മധുരക്കനിയാണ് നീ*
*കരിക്കിനുള്ളിലെ വെള്ളക്കൽ കടലാണ് നീ*
*ആ കടലിൽ നീന്തിതുഴയാൻ വന്നിരുന്നു ഞാൻ*
*എന്നോടൊന്നും ഉരിയാടാതെ നീതനിച്ച് പോയില്ലേ*
*നമ്മളൊന്നല്ലേ . നീ എന്റെ ആത്മാവിലുണ്ടല്ലോ*
*നീയും നിൻ ഓർമ്മകളും എൻ ആത്മാവിലെഴുതി*
*സുഹൃത്താണ് നീ - സുഹൃത്താണ് നീ....*

*ഫഹദ് മിഷാൽ*
*9 . B*
*Little kits member j*




ബീന. എം.വി

# ഇന്റർനെറ്റ് യുഗത്തിൽ നാം അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ പരിചയപ്പെടാം





1. **Fantom Ringing Syndrome** :- പ്രവർത്തികളിൽ മുഴുകുമ്പോൾ ഫോൺ ബെൽ അടിക്കുന്നതു പോലുള്ള തോന്നൽ കാരണം ശ്രദ്ധ കേന്ദ്രീകരിക്കാൻ പറ്റാത്ത അവസ്ഥ
2. **Nomo-phobia (No – Mobile – Phone – Phobia )** :- ഫോൺ അടുത്ത് ഇല്ലെങ്കിൽ ഉണ്ടാകുന്ന വിഭ്രാന്തി , ഭീതി, ഒറ്റപ്പെടൽ പോലുള്ള അവസ്ഥ.
3. **Cyber Sickness (Virtual reality sickness )** :- ത്രിമാന ഇന്റർനെറ്റ് ലോകത്ത്

അകപ്പെടുമ്പോൾ ഉണ്ടാകുന്ന സ്ഥലകാല വിഭ്രാന്തി. യാത്ര ചെയ്യുമ്പോൾ അവ്യഭവപ്പെടുന്നതു പോലെ ഓക്കാനം, ശർദ്ദി, തലച്ചുറ്റൽ എന്നിവ അനുഭവപ്പെടുക

4. **Facebook Depression** :- ഫെയ്സ് ബുക്കിൽ മറ്റുള്ളവർക്കുള്ള പ്രശസ്തി തനിക്ക് ഇല്ല എന്ന തോന്നൽ ഉള്ളവാക്കുന്ന വിഷാദം . ഇത്തരത്തിലുള്ളവർ പല അബദ്ധങ്ങളിലും അകപ്പെട്ട് വിഷാദ രോഗത്തിന് അടിമയാകുന്നു.


5. **internet Addiction Disorder** :- ഇന്റർനെറ്റിലൂടെ അല്ലാതെ ഒന്നും ചെയ്യാനാവാത്ത അവസ്ഥ. ഇത്തരത്തിലുള്ളവർ സ്വന്തം ബന്ധുമിത്രാതികളോടും പോലും ഓൺലൈനിൽ ചാറ്റുചെയ്യുകയും , തെട്ടടുത്ത കടയിൽ ലഭിക്കുന്ന സാധനങ്ങൾ ഓൺലൈനിൽ വാങ്ങുകയും ചെയ്യുന്നു.

6. **Online Gaming Disorder** :- നേരിട്ട് എതിരാളികളോട് ഏറ്റുമുട്ടിയാൽ താൻ തോറ്റു പോകുമോ എന്ന ഭയത്താൽ ഓൺലൈൻ ഗയിമുകൾക്ക് അടിമപ്പെടുന്ന അവസ്ഥ.





7. **Cyber-chondria ( Compu-chondria )** :- ചെറിയ ശാരീരിക പ്രശ്നങ്ങൾക്ക് കാരണങ്ങൾ ഇന്റർനെറ്റിൽ സ്വയം കണ്ടെത്താൻ ശ്രമിക്കുകയും , സ്വയം ചികിൽസിക്കുകയും ചെയ്യുന്നു. പിന്നിട് ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായി തീരുന്നു.

8. ***Search Engine Effect*** *:- എല്ലാം ഇന്റർനെറ്റിൽ ലഭിക്കും എന്ന തോന്നലിൽ ഒന്നും മനസ്സിൽ സൂക്ഷിച്ച വയ്ക്കാതിരിക്കുക. പിന്നീട് ഇത് ഓർമ്മശക്തിയെ തന്നെ ബാധിക്കുന്നു.*



**അനഘ സുബ്രഹ്മണ്യൻ എം**
*10 B*

# പിരിയുന്ന നേരം



പിരിയുന്ന നേരത്തറിയുന്ന
സൗഹൃദം
മനസ്സിന്റെ താഴിൽ കുറിച്ചിട്ട
നോവായ്
അറിയാതെ വിങ്ങുന്ന
ഓർമ്മയായ് നീ എന്നും
അരികത്തണയുന്ന നേരം
നീ തന്ന സമ്മാനപ്പൊതിയിൽ
അറിയാതെ ഉണരുന്ന
കണ്ണുനീരായ്
മഴയിൽ നനയുന്നു മനസ്സിൽ നിറയുന്നു
ഒരുപാട് സ്വപ്നത്തിനിടയിൽ
ഒഴുകുന്ന നദിപോലെ നിൻമുഖം അറിയാതെ
അറിയാതെ നീ തന്ന സുസ്മിതങ്ങൾ
നമ്മൾ പിരിയുന്ന നേരത്തറിയാതെ
ഉതിർന്ന ആ കണ്ണുനീർ അറിയുമോ


# <u>കവി പരിചയം ...</u>

## സുഷ്മേഷ് ചന്ത്രോത്ത്



*1977 ഏപ്രിൽ 1 ന് ജനനം. നോവലിസ്റ്റും , ഡി 9 , പേപ്പർ ലോഡ്ജ്, തുടങ്ങിയ നോവലുകൾ , വെയിൽ ചായുമ്പോൾ , നദിയോരം , ഗാന്ധിമാർഗം , മരണവിദ്യാലയം (കഥാസമാഹാരങ്ങൾ ), അസാധാരണ ഓർമ്മകളും സാധാരണ അനുഭവങ്ങളും ( ലേഖനങ്ങൾ ), അമുദക്കുട്ടിയുടെ ചിത്രപ്രദർശനം ( ബാലസാഹിത്യം ) എന്നിവ പ്രധാന കൃതികൾ.*

## ആഷാമേനോൻ



*1947 നവംബർ 18 ന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ജനിച്ചു. കെ ശ്രികുമാർ എന്നാണ് യഥാർത്ത പേര്. കാവ്യാത്മകമാണ് അദ്ദേഹത്തിന്റെ ഗദ്യ ശൈലി.( പുതിയ പുരുഷാർഥങ്ങൾ കലിയുഗാരണ്യകങ്ങൾ പരിവ്രാജകന്റെ മൊഴി, ഹെർബേറിയം, പ്രതിരോധങ്ങൾ ജീവന്റെ കൈയൊപ്പ്, തന്മാനസി, അടരുന്ന കക്കകൾ കൃഷ്ണശിലയും ഹിമസരസ്സും, പയസ്വിനി. ഖാൽസയുടെ ജലസമൃതി, ഇലമുളച്ചികൾ )എന്നിവ പ്രധാന കൃതിതൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു*

# ഇടശ്ശേരി ഗോവിന്ദൻ നായർ ( 1906-1974 )



*പൊന്നാനിയിൽ ജനനം. കൂട്ടുകൃഷി , പുത്തൻ കലവും അരിവാളും ,കാവിലെ പാട്ട്, പൂതപ്പാട്ട്,ഒരുപിടി നെല്ലിക്ക, അന്തിത്തിരി , കറുത്ത ചെട്ടിച്ചികൾ ) എന്നിവ പ്രധാന കൃതികൾ.മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ് സാഹിത്യപ്രവർത്തകൻ, സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽപ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.*

***ഷാമില തെസ്നി***
***9 . B(Little kites Member)***

## MY Bus



Moving on Moving on
green bus on the road
when the bell strikes one
the bus stops then
when the bell strikes two
the bus stops then
slowly slowly slowly
the bus goes first
but after moving some time
the bus runs fast

.Anjana
Femina

## വേദന

ജുഫ്ന ഷെറിൻ



സഞ്ചാര വണ്ടിയിൽ നിന്ന് നീ പോയി..........
വരാനാവാത്ത ദൂരത്തേക്ക് ..........
എങ്കിലും ഞാനറിഞ്ഞില്ല മനുഷ്യ മനസ്സിനെ
ആഴത്തിലാഴ്ത്താൻ വന്ന നീ ഒരു ശകുനമായി
നിനക്ക് വേണ്ടി കാതോർത്ത നിമിഷങ്ങൾ
നിന്നെ കാണാതെ കരഞ്ഞ നാളുകൾ
നിനക്കു വേണ്ടി നെഞ്ചുരുകി പ്രാർത്ഥിച്ച ഹൃദയങ്ങൾ
എന്തിന് നീ തിരിച്ചടിച്ചു .................

ഒരു മുറിവായ് ...........വേദനയായ് ......
നിന്നോട് ആവശ്യപ്പെട്ടത് നീ തന്നപ്പോൾ
നിനക്ക് ആവശ്യമായത് നീ എടുത്തു
മനുഷ്യമനസ്സിന്റെ ഹൃദയങ്ങൾ
ഓ.............മഴയെ.......മാപ്പ്...............മാപ്പ്
പൊറുക്കുക.............പൊറുക്കുക...........

# നയന മനോഹര കായൽ കാഴ്ച്ചകൾ



34 കായലുകളാണ് കേരളത്തിലുള്ളത് ഇവയിൽ 7 ഉൾനാടൻ ജലാശയങ്ങളാണ്. 448 കി. മീ നീളമുള്ള ഉൾനാടൻ ജലഗതാഗത മാർഗം കായലുകളെ പരസ്പരം ബന്ധിപ്പിക്കുന്നു. കേരളത്തിൽ ലാൻഡ് ഓഫ് ലാഗൂൺസ്, ലാൻഡ് ഓഫ് ബാങ്ക് വാട്ടർ എന്നീ വിശേഷണങ്ങൾ നേടികൊടുത്തത് ഈ കായലുകളാണ്. കായലുകളിൽ ബാക്കി 27 എണ്ണവും അഴിയോ പൊഴിയോ മൂലം കടലുമായി ബന്ധപ്പെട്ടിരിക്കുന്നു. നീണ്ടകര, കൊച്ചി, കൊടുങ്ങല്ലൂർ, ചേറ്റുവ, അഴീക്കൽ എന്നിവയാണ് കേരളത്തിലെ അഴികൾ.

ഏറ്റവും വടക്കേയറ്റത്തുള്ള കായൽ കാസർകോട് ജില്ലയിലെ ഉപ്പളക്കായലാണ് .കാസർകോട് കണ്ണൂർ ജില്ലകളിലെ പ്രധാന കായലുകളാണ് കുമ്പള ,ബേക്കൽ കൽനാട്, ചിത്താരി, കവ്വായി, എന്നിവ . ഇതിൽ കവ്വായിക്കായൽ കടലോരത്തിന് സമാന്തരമായി 21 കി.മീ.നീണ്ട് കിടക്കുന്നു. പെരുവമ്പ, കവ്വായി, രാമ-



പുരം നദികൾ കായലിലാണ് പതിക്കുന്നത്. മനുഷ്യനിർമ്മിതമായ 3.2.കി.മീ. നിളമുള്ള സുൽത്താൻ തോട് കവ്വായിക്കായലിനെയും വളപ്പട്ടണം പുഴയും കൂട്ടിയി-ണക്കുന്ന മേൽ പറഞ്ഞതിൽ ബാക്കി 4 എണ്ണം നദി മുഖങ്ങൾ വികസിച്ചുണ്ടായവയാണ്.


205 കി.മീ.വിസ്തൃതിയിലുള്ള വേമ്പനാട് കായലാണ് കായലുകളുടെ വമ്പൻ. കേരളത്തിലെ എറ്റവുമധികം സഞ്ചാരികളെ ആകർഷികുന്ന നെഹ്റുട്രോഫി വള്ളം കളി ആലുവ നഗരത്തിനടുത്ത് പുന്നമടയിൽ വർഷം തോറും നടത്തി വരുന്നു. കേരളത്തിലെ വണിജ്യ കാർഷിക രംഗങ്ങളിൽ വേമ്പനാട്ടുകായലിന് നിസ്തുലമായ പങ്കാണുള്ളത്.തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്ന കൊടുങ്ങല്ലൂർ , വേമ്പനാട്ടു കായലുകളിൽ ധാരാളം തുരുത്തുകൾ ഉണ്ട്. അച്ഛൻകോവിലാർ, പമ്പ മണിമലയാർ , മൂവാറ്റുപുഴ, മീനച്ചിൽ എന്നി നദികൾ വേമ്പനാട്ടുകായലിൽ വന്നു പതിക്കുന്നു. കായലിൽ ഏറെ സ്ഥലങ്ങൾ കൃഷിക്കായി ഉപയോഗിക്കുന്നു. ഉപ്പുവെള്ളം കുട്ടനാട്ടിലേക്ക് കയറുന്നത് തടയാൻ കായലിന്റെ വീതി കുറഞ്ഞ ഭാഗത്ത് ഒരു കിലോമീറ്റർ നീളത്തിൽ തണ്ണീർമുക്കം ബണ്ട് നിർമിച്ചതോടെ കുട്ടനാട്ടിൽ കൂടുതൽ തവണ കൃഷി സാധ്യമായി. ഈ ബണ്ടിന് മുകളിലൂടെ ആലപ്പുഴ വൈക്കം പാത കടന്നു പോവുന്നു.

ആമിന നിഹാല
9 : B
[Little kite member]

## My Teacher

**Devananda Nesla.**

Oh my teacher
my dear teacher
soft in talk a smiling moon
oh my teacher
my dear teacher
gift of god a charming flower
oh my teacher
my dear teacher
kind in heart a lovely rose
oh my teacher
my dear teacher
gifted by lord
a pretty jasmine
she is very calm and cool
oh my dear teacher
give a gift of good thinks
my dear teacher
she would like a mother.





## ലഹരിയിൽ ഇഴയുന്ന ജീവി

എന്തിനു മർത്യാ നിൻ
മരുഭ്രവിലലയുന്ന പൈതൽ പോൽ
ദിക്കറിയാതെയും ലക്ഷ്യമില്ലാതെയും
എത്ര നാളിങ്ങനെ ചത്തു
ജീവിച്ചിട്ടും ഓർക്കുക മർത്യ
നീ ലഹരിയിൽ ജീവിച്ച തീർക്കല്ലെ
നിൻ സ്വന്ത ജീവിതം
ലഹരി നിനക്കേകും സമ്മാനമത്രെ
മരണത്തിലേയ്ക്കിഴയുന്നജീവിതം തകർക്കുന്നു
ലഹരി നുണഞ്ഞ് നീ

മൃതനായ് തീരുന്നു
ലഹരിയിൽ വീഴുന്ന
ജീവിതം പാപപങ്കിലം
എന്തിന് കളയുന്നു
മാധുര്യമേറും നിൻ ജീവിതം
ലഹരിയാൽ തളർന്ന നീ

# ബുദ്ധമയൂരി - കേരളത്തിന്റെ പൂമ്പാറ്റ



കേരവൃക്ഷങ്ങളുടെ നാടായ, പരശുരാമൻ മഴുവെറിഞ്ഞ് നേടിയ, കേരളം. 14 ജില്ലകളുമായി ഇന്ത്യയുടെ തെക്കുപടിഞ്ഞാറായി അറബിക്കടലിനു സമീപത്ത് സ്ഥിതി ചെയ്യുന്നു. 1956 നവംബർ 1 ന് ഭാഷാടിസ്ഥാനത്തിൽ സ്ഥാപിതമായ കേരളത്തിന്റെ ഭാഷ മലയാളമാണ്.ഔദ്യോഗിക മൃഗം ആനയും പക്ഷി മലമുഴക്കി വേഴാമ്പലും,
പുഷ്പം കണിക്കൊന്നയുമാണ്. ഇതിനൊപ്പം കേരളത്തിന്റെ സംസ്ഥാന ശലഭമായി ബുദ്ധമയൂരി എന്ന ചിത്രശലഭത്തെ 2018 നവംബറിൽ തെരഞ്ഞെടുത്തു. കറുപ്പും, നീലയും, പച്ചയും കടും പച്ചയും ഇടകലർന്ന ചിറകുകളാണ് ബുദ്ധമയൂരിക്ക്.ഇന്ത്യയിലെ പൂമ്പാറ്റകളിൽ ഏറ്റവും ഭംഗിയുള്ളതാണ് ബുദ്ധമയൂരി. ബുദ്ധമയൂരിക്ക് പാപ്പിലോബുദ്ധ, ബുദ്ധ പീകോക്ക് എന്നീ പേരുകളുമുണ്ട്. കേരളത്തിൽ മലബാർ പ്രദേശത്താണ് ഇതിനെ കൂടുതലായി കണ്ടുവരുന്നത്.

ഷൈനി . എൽ





# മധുരം മലയാളം

*(കവിത)*

***മധുരം മലയാളം***
***മധുരം മലയാളം***
***മധുരംമലയാളം***
***എന്റമ്മ മലയാളം***

***അമ്മിഞ്ഞപ്പാൽ നകരും.***
***ചുണ്ടുകൾ ചൊല്ലും മലയാളം***
***സ്വന്തം നാവുൽ നണയുമമൃതം***
***എന്റെ മലയാളം***

***അരവിന്ദാക്ഷൻ മാഷ് പഠിപ്പിച്ച കവിത***

***Fidha fathima***
***7.A***

# AMAZON RAINFOREST




*Hot, wet and teaming with an amazing diversity of plant and animal life, the Amazon rainforest is one of the richest habitats the planet.*

## ABOUT AMAZON

*Named after the mighty Amazon river that flow's through it, the Amazon rainforest is a vast tract of tropical forest covering an area almost as big as Australia. It warm, wet climate is ideal for plants,fast to all year round. Huge evergreen trees soar high above the forest floor, Greeting an almost continuous canopy of lush green foliage that is alive with insects, tree frogs, snakes, birds and monkeys.*



*Akshara purushothaman*
*10.A*



## പവിഴച്ചെപ്പ്

ഹൃദയത്തുടിപ്പിൻ മഞ്ഞുതുള്ളികളാൽ
മൂടിയിരിക്കുന്ന നിൻ മിഴിയിണയായ്...........

**റാഷിദ സി 10B**

എൻ മുന്നിൽ വിശ്വദീപം തീർത്ത
ആ കൊച്ചു പവിഴച്ചെപ്പ്
ആഞ്ഞുവീശിയ തിരമാലകൾക്കിടയിൽ
വന്നു തിളങ്ങുന്ന ആ പവിഴച്ചെപ്പ്

ആ പവിഴച്ചെപ്പിനിടയിൽ കണ്ടു ഞാൻ........
നിൻ സ്നേഹ സൗഹാർദ്ദ ദീപമയം
സ്നേഹിച്ചു ഞാനാ ചെപ്പിനെ
നിൻ പുഞ്ചിരിപോൽ..........
നിൻ സ്നേഹത്തെ പോൽ
നിൻ ഹൃദയത്തെ പോൽ............

പ്രപഞ്ചത്തിനെ മരതകത്താൽ കോർത്തു
തുവെള്ളിയായ് തിളങ്ങിയ
ആ സ്നേഹച്ചെപ്പിനെ മാറോട് ചേർക്കാൻ
നിൻ സൗഹൃദം വേണം നിന്നോടൊപ്പം
ഇന്ന് ഞാൻ ഒരു ശില്പിയായ് തീർന്നു
നിൻ ഓർമ്മക്കായ് സ്മാരകങ്ങൾ തീർക്കാൻ

കണ്ടു ഞാൻ എൻ മുന്നിൽ ആ പവിഴച്ചെപ്പിനെ
വെണ്ണക്കല്ലുകളാൽ പൊതിഞ്ഞ സ്മാരകത്തെ
ഞാൻ ആദ്യമായ് പണിത മരതക കൊട്ടാരത്തിലെ....
രാജാവായി ആ പവിഴച്ചെപ്പിനെ അണിയിച്ചുതീർക്കും
മലഞ്ചെരിവിലൂടൊഴുകിത്തീരുന്ന നദീമുഖങ്ങളിൽ
നിൻ സ്മാരകദളങ്ങളുമായ് ഞാൻ നീന്തിത്തുടിക്കും

# The wonders of mathematics




If you go to the maths " wonderland "
yo will see all the wonders. You can!
There are tables with numbers
when are always cross
But same tables add up friends
so that you can, never tell the gross
There  are two parallel lines
are always equal
And they are the sign
to show the total

There is a man so fat
And his name is zero
Having no one to complete with
He 's the only hero

you ' ll surely like the  place
you should really go there my friends
And be prepared before you go
' cause the maths ' wonderland never ends!

Aysha kutty

# I am the killer




**Yes, I am the killer**
**she was there, at the corner**
**she hold something close to her heart**
**I was very eager to know**
**what was inside her tattered sari**
**I stood close to her very close**
**two eyes looked at me, Aa**
**no... its not two four**
**yes it was her gory child**
**I saw her, her palsy lips**
**tried to utter ... But couldn't**
**she looked at me, I look back**
**I know, they where hungry**
**they were thirsty**
**her half covered breast was**
**last drop of blood**
**I watched the on**
**with all my eagerness**
**she looked at me for the last time**

**Sreethu Parvathy IX B**

**Life Goes On…………**
My heart screamed seeing you wail
Step ahead dear I' am with you on this trail
Go on seeing life moments of happiness
But that days not mean that I have left you,

I will not leave you even beyond the end
I will always keep up the word of a friend
I am sad because my hands can't wipe you
Nor am I there to toss out your tears
I am dying to see your laughing again,
With no second lag, I 'll kill your pain
You know, I care for you a lot !

Divya Abraham
**(Kite Mistress)**



**പ്രളയം**



കാടും മലകളും വെട്ടി നികത്തി
വൻ ഡാമുകൾ കെട്ടി പടുത്തയർത്തി
പുഴകളെ എല്ലാം തടഞ്ഞു നിർത്തി
വൻ ജലധാര തിങ്ങും ഡാമുകളായി
വർഷ കാലത്തിന്റെ ഉൾത്തുടുപ്പിൽ
നിന്നും ഒരായിരം വർഷകണൽ പെയ്തു
ഡാമുകളെല്ലാം നിറഞ്ഞു കവിഞ്ഞ-
പ്പോൾ നെട്ടോട്ടമോടി ഭരണക്കൂടം

ഡാമായ ഡാമുകൾ എല്ലാം തുറന്നവർ
പലവഴി പാഞ്ഞു പുഴകളെല്ലാം
പലതും തകർത്തു തരിപ്പിടമാക്കി
പലവഴി പാഞ്ഞു ജനങ്ങളെല്ലാം

ആരൊക്കയോ വന്നു എന്തൊക്കയോ ചെയ്തു
ജീവനെ രക്ഷിച്ച നിർത്തിടുമ്പോൾ
ഓർക്കുക നമ്മളിനിയും പ്രളയങ്ങൾ വന്നാൽ
ഈ ഭൂമി നശിച്ച പോകും
ഓർക്കുക ഇനിയും പ്രളയം വന്നാൽ
നശിച്ച പോകും
നമ്മുടെ ഭൂമി നശിച്ച പോകും

തീർത്ഥ കെ. അനീഷ്
IX : B
(Kite Member)

# ഇഴയുന്ന ജീവിതം

സീമഎസ്ബാബു

വെറുമൊരു സ്വപ്നത്തിൽ കൈപ്പിടിയിൽ എൻ ജീവിതം
ഞെരിയുന്നു വീണ്ടും ഞെരിഞ്ഞമരുന്നു


എൻ കൂടെയുണ്ടെന്ന് ചൊന്നവരോരോന്നായ്
എന്നെവിട്ടെങ്ങോ പോയി മറഞ്ഞു
ജീവിതവീഥിയിൽ എൻ പ്രിയരോരോന്നായി
തൻ ഗേഹം തേടിയകന്നുപോയി

ജീവിത ചക്രത്തെ ഗതിമാറ്റിപായിക്കും
കരാളബിന്ദുവെ തിരിച്ചറിയാൻ
മരണമാണെന്നുള്ള സത്യം
മനസ്സിനോടാരുയാതി പറഞ്ഞിടുന്നു

എന്നിലെ എന്നിൽ നീത്തെനെ അടർത്തിയ
മരണമേ നീയെത്ര ക്രൂരനായി
ഋതുഭേദരാവിലെൻ ജീവവസന്തത്തെ
തരിശാക്കിമാറ്റിയൊരു ശിശിരമായി നീ

ഇനിയൊരു വസന്തമെൻജീവിതപാതയിലെരു നാളുമില്ലെന്നറിഞ്ഞിടുന്നു
ഗതകാല സ്മരണയിലെൻ ജീവിതം
നാളുകൾ എരിഞ്ഞടങ്ങാനായ് കൊതിപ്പൂ ഞാനെന്നും


എൻ തണലായ മഹാമേരു വൃക്ഷത്തെ
എന്നിലെ എന്നിൽ നിന്ന് മുറിച്ചുമാറ്റി
ആ വൃക്ഷമേകും തണൽ മാത്ര-
മാണെന്റെ ജീവനിൽ എന്നു ശീതളത
എൻ മഹാ വൃക്ഷത്തിൻ വേരറുത്തീടാതെ ചില്ലകളെന്തേ കൊതിച്ചതില്ല



## ജ്വലിക്കുന്ന ഗ്രാമം.

ആവണി സുരേഷ് VII A

*പച്ചപ്പരവതാനിയിൽ തളിർത്തു നിൽക്കും*
*പച്ചയാം പുഷ്പങ്ങളെ നിനക്ക് ജന്മം*
*തന്നിന്നെന്റെ ഗ്രാമം , സുന്ദരം*
*എൻ മനസ്സിന്റെ താളം തെറ്റിയൊഴുകും*
*ഭാവനയിലൊതുങ്ങാത്ത വാക്കുകളിൽ*
*എൻ കരളും കവിളും ഒരുപോൽ*
*തീരാതെ വർണ്ണിക്കാൻ കഴിയാത്ത എൻ ഗ്രാമഭംഗി.*
*കവർന്നൊരെൻ ഗ്രാമഭംഗി.*
*മഞ്ഞുതുള്ളിയും നെറുകയിൽ ചൂടി*
*മഞ്ഞുരുകുന്ന മരങ്ങളിൽ നിന്നും*
*പാടിയുണർത്തിയ കിളികൾതൻ ഗാനത്തിൽ*
*കിളികൊഞ്ചലുമായ് ഞാനുണരുമ്പോൾ*
*കണ്ണുചിമ്മും നിറങ്ങളാൽ മോഹനം*
*സ്നേഹം ജ്വലിക്കുമെൻ ഗ്രാമഭംഗി.*





# DREAM A WORLD

I dream a world where man
No other man will scorn ,
Where love will bless the earth
And peace is paths adorn.
I dream a world where all ,
Will know sweat freedom's way,
Where greed no longer saps the soul.
Nor avarice blights our day.
A world I dream where black and white,
Whatever race you be ,
Will share the bounties of the earth.
And every man is free,
Where wretchedness will hang its head
And joy ,like a pearl,
Attends the needs of all mankind-
Of such I dream, my world.

Mashooka Mumthaz.K
IX:B

[

# ...നിലാവ്...

നറുചിരി വിതറാൻ
ചിരിയെളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നീ വെണ്ണിലാവ്



ഇരവിന്നിരുളിൽ
വഴിയേതെന്നറിയാതുലും
നേരത്തെൻ
ചാരത്തണയും

സഖിയേ.....സഖിയേ......

മണ്ണിനിണകരുളകലാൻ കണ്ണിൽ
കണ്ണിൽ കാഴ്ച്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും

നിലാ തുവലഴകേ.........
നിറ നിലാ കടവുമായെന്നുമെൻ
അരികിലണയുമോ സഖിയേ....

Fahmi fathima
[little kite member]
IX:B

അറിവിന്റെ .......

ആകാംക്ഷയുടെ.........

സർഗാത്മകതയുടെ...........

ഈ കൊച്ചുപട്ടം പറത്താൻ ഞങ്ങളെ സഹായിച്ച
ഞങ്ങളോടൊപ്പം നിന്ന
ഞങ്ങളെ കൂടെ കൂട്ടിയ
എല്ലാവർക്കും

# നന്ദി

